## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1228** **11.06.2019 ൽ മറുപടിക്ക്**

**മഞ്ചേരി പോളിടെക്നിക്ക്**

| **ചോദ്യം**<br>**ശ്രീ.എം.ഉമ്മർ** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | മഞ്ചേരി പോളിടെക്നിക്കിന്റെ പ്രധാന കെട്ടിടനിർമ്മാണത്തിനായി പ്രിൻസിപ്പൽ നൽകിയ D2/ 416/ 2016/ GPTC MJI എന്ന പ്രൊപ്പോസലിൽ അടങ്ങിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) മഞ്ചേരി പോളിടെക്നിക്ക് പ്രിൻസിപ്പാളിന്റെ D2/416/2016/GPTCMJI നം. കത്ത് പ്രകാരം മഞ്ചേരി പോളിടെക്നിക്ക് വർക്ക് ഷോപ്പ് ബിൽഡിംഗിന്റെ എ&ബി ബ്ലോക്കിന് നബാർഡിൽ നിന്ന് ഭരണാനുമതി ലഭിച്ചിരുന്നു. ഇതിനു പുറമേ വർക്ക്ഷോപ്പിന്റെ സി, ഡി, ഇ, എഫ് എന്നീ നാല് ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണത്തിനും ഭരണാനുമതി നൽകുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടതുപ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദവിവരം നൽകാമോ; | (ബി) & (സി) വർക്ക്ഷോപ്പ് ബിൽഡിംഗിന്റെ എ&ബി ബ്ലോക്കുകളുടെ നിർമ്മാണത്തിന് നബാർഡ് മുഖേന ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തിയുടെ നടത്തിപ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്ന് KITE എന്ന സ്ഥാപനത്തിന് G.O(Rt)338/2018/H.Edn തീയതി 21/02/2018 പ്രകാരം നൽകി ഉത്തരവായിട്ടുണ്ട്. സി, ഡി, ഇ, എഫ് എന്നീ ബ്ലോക്കുകൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള ഡി.പി.ആർ തയ്യാറായി വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളത്; വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**